

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മാട്ടൂൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.2/1761/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 06/12/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാട്ടൂൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.2/1761/2025 തീയ്യതി: 06/12/2025

കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-11-2024 മുതൽ 08-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സുരേശൻ പി.വി	ഡെപ്യൂട്ടി ഡയറക്ടർ	09-10-2025	16-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
09-10-2025	16-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലീലാകൃഷ്ണൻ.എൻ.എം, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.കനകരാജൻ.ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.രമ്യ.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രവികൃഷ്ണൻ.കെ, ഓഡിറ്റർ
ശ്രീമതി.രേഷ്മ.പി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ഫാരിഷ.കെ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.അജി.ടി.ആർ	സെക്രട്ടറി	01-04-2024	04-09-2024
ശ്രീ.ഫാറൂഖ്.എം.കെ	സെക്രട്ടറി-ഇൻ-ചാർജ്ജ്	05-09-2024	25-12-2024
ശ്രീ.എം.പ്രദീപൻ	സെക്രട്ടറി	26-12-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.പുഷ്പജൻ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	25-05-2024
ശ്രീമതി.ദിവ്യ	അസിസ്റ്റന്റ് എഞ്ചിനീയർ	26-05-2024	05-09-2024
ശ്രീമതി. അഞ്ജന ചന്ദ്രൻ	അസിസ്റ്റന്റ് എഞ്ചിനീയർ	06-09-2024	31-03-2025
ശ്രീമതി.പ്രീത.കെ	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി.സവിത.എം.പി	വി.ഇ.ഒ, മാട്ടൽ നോർത്ത് സർക്കിൾ	01-04-2024	31-03-2025
ശ്രീമതി.ജസീറ മുല്ലോളി	വി.ഇ.ഒ, മാട്ടൽ സൗത്ത് സർക്കിൾ	01-04-2024	30-12-2024
ശ്രീമതി.സവിത.എം.പി	വി.ഇ.ഒ, മാട്ടൽ സൗത്ത് സർക്കിൾ(ഇൻ ചാർജ്)	31-12-2024	31-03-2025
ശ്രീമതി.ദിവ്യ.ടി.കെ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	04-08-2024
ശ്രീമതി.ഉദയകുമാരി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	05-08-2024	31-03-2025
ഡോ.അനൂപ്.സി.ഒ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	01-04-2024	31-03-2025
ഡോ.കൃഷ്ണപ്രിയ.കെ	മെഡിക്കൽ ഓഫീസർ,ആയുർവ്വേദം	01-04-2024	31-03-2025
ഡോ.ഷെർണ.സി.എം	മെഡിക്കൽ ഓഫീസർ,ഹോമിയോ	01-04-2024	31-03-2025
ഡോ.സിംസി ആനി ചെറിയാൻ	വെറ്റിനറി സർജൻ	01-04-2024	06-04-2024
ഡോ.സാഗർ.കെ.ആർ	വെറ്റിനറി സർജൻ(അഡീഷണൽ ചാർജ്)	07-04-2024	11-04-2024
ഡോ.ഐശ്വര്യ	വെറ്റിനറി സർജൻ	12-04-2024	31-03-2025
ശ്രീ.ഫറൂഖ്.എം.കെ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി.വന്ദന.പി.പി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി. ആശ.സി.വി	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2024	01-09-2024
ശ്രീമതി.മിനി നാരായണൻ.പി.വി	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	02-09-2024	01-12-2024
ശ്രീമതി.ആശ.സി.വി	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	02-12-2024	31-03-2025

ശ്രീ. പ്രകാശൻ പി.വി	ഹെഡ് മാസ്റ്റർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കണക്കാക്കിയതിലെ അപാകം	1-1-1
3	MGNREGS ഭരണച്ചെലവുകൾ- I-14 F ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-2
4	ICDS കേന്ദ്രാവിഷ്കൃതഫണ്ട്- ബാധ്യത അധികമായി കുറവ് ചെയ്തു	1-1-3
5	സ്വച്ഛ് ഭാരത് അഭിയാൻ- ചെലവഴിച്ച തുക ബാധ്യതയായി ഉൾപ്പെടുത്തി	1-1-4
6	ലോൺ- തിരിച്ചടച്ച തുക ബാധ്യതയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി	1-1-5
7	ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.	1-1-6
8	ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.	1-1-7
9	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-8
10	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.	1-1-9
11	പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി- 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-10
12	ആസ്തി മൂല്യം, ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.	1-1-11
13	ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി	1-1-12
14	സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.	1-1-13
15	ബാങ്ക് റിക്കൺസിലിയേഷൻ തയ്യാറാക്കിയതിലെ അപാകം	1-1-14
16	വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയില്ല.	1-1-15
17	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.	1-1-16
18	രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല	1-1-17
19	ബജറ്റ്	1-2
20	സാമ്പത്തിക വിശകലനം(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	1-3
21	ഫണ്ട് വിനിയോഗം	1-4
22	പദ്ധതി അവലോകനം	1-5
23	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
24	ക്ഷേമ പദ്ധതികൾ	1-7
25	ക്യാഷ് ബാലൻസ് പരിശോധന	1-8
26	ആഭ്യന്തരനിയന്ത്രണം	1-9
27	ഗ്രാമസഭ	1-10
28	വസ്തു നികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല	1-11
29	അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല	1-12
30	വിനോദ നികുതി ഈടാക്കിയില്ല	1-13
31	മറ്റ് പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗങ്ങൾ തെറ്റായി നൽകി-നികുതി ഈടാക്കിയതിൽ കുറവ്	1-14
32	എഫ് ടി ഇ & ഒ എസ് ലൈസൻസ് - സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കി - പഞ്ചായത്തിന് വരുമാനനഷ്ടം	1-15
33	സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി-രേഖകളുടെ അഭാവത്തിൽ ₹48300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-16
34	പത്താമുദയം-പഠിതാക്കളുടെ കോഴ്സ് ഫീസ് അടവാക്കിയതിന്റെ കൈപ്പറ്റ് വിവരം ലഭ്യമാക്കേണ്ടതാണ്.	1-17

35	സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി-രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹8,600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-18
36	ഗവ. ആയുർവേദ ഡിസ്പെൻസറിക്ക് ഇൻവെർട്ടർ വാങ്ങി സ്ഥാപിക്കൽ - രേഖകൾ ലഭ്യമാക്കിയില്ല.₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-19
37	സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം-രേഖകളുടെ അഭാവത്തിൽ ₹37,205 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-20
38	ഗവ. ആയുർവേദ ആശുപത്രിയിൽ സോളാർ വാട്ടർ ഹീറ്റർ വാങ്ങി സ്ഥാപിക്കൽ– രേഖകൾ ലഭ്യമാക്കിയില്ല - ₹1,06,700 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-21
39	ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല - ₹30,373 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-22
40	ലൈഫ് ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല	1-23
41	ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അധികം തുക അനുവദിച്ചു	1-24
42	എ ബി സി പ്രോഗ്രാം-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല - ₹50,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-25
43	ഐ.കെ.എം. വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ₹1,10,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-26
44	എസ്.എസ്.കെ വിഹിതം അടവാക്കൽ– വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല - ₹2,67,604യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-27
45	തെരുവു വിളക്ക് അറ്റകുറ്റപ്പണി -നിർവഹണത്തിലെ അപാകങ്ങൾ - ₹2,79,720 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-28
46	പുതിയ തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ- നിർവഹണത്തിലെ അപാകങ്ങൾ - ₹1,92,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-29
47	മഴക്കാല പൂർവ്വ ശുചീകരണം- മുൻകൂർ തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ₹1,70,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-30
48	മുൻകൂർ തുകകൾ ക്രമീകരിച്ച വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - ₹1,10,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-31
49	ആശുപത്രി മാനേജിംഗ് കമ്മിറ്റി- കണക്കുകളുടെ ഓഡിറ്റ്-വരവ് ചെലവ് കണക്കുകൾ ഹാജരാക്കുന്നില്ല	1-32
50	ഹെൽത്ത്ഗ്രാന്റ് അവലോകനം	1-33
51	ഗ്രാമ പഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ അവലോകനം	1-34
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	മെഡിസെപ്പ്-പ്രീമിയം ഒടുക്കു സംബന്ധിച്ച വിവരം	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം	4-5
6	വായ്പ, വായ്പ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് സർചാർജ് നടപടികളുടെ വിവരങ്ങൾ	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11

12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക ധനകാര്യ പത്രികകൾ	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സാക്ഷ്യപത്രം

1)കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മാട്ടൂൽ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 31.07.2025 തീയതിയിലെ 1*/2025* നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 31-03-2025 ൽ അവസാനിച്ച വർഷത്തിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാട്ടൂൽ ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
06.12.2025.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

1–1–1 ഇൻകം ഓവർ എക്സ്പെന്റിച്ചർ –മിച്ചതുക കണക്കാക്കിയതിലെ അപാകം

ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുകയായ ₹-97,79,759 യഥാർത്ഥ മിച്ചതുകയായ ₹-1,04,35,635 യുമായി പൊരുത്തപ്പെടുന്നില്ല. Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിന്റെ ആകെ വരുമാനം (A)		₹14,87,04,811
ആകെ ചെലവ് (B)		₹15,84,38,140
മിച്ചം തുക C= A-B		₹-97,33,329
Prior Period Income I-19	₹-3,74,367	

Prior Period Expenditure I-18	₹3,27,939	
Net Difference Between Prior Period Income And Expenses I-19-I-18 (D)		₹-7,02,306
Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D		₹-1,04,35,635

എന്നാൽ 2024-25 വർഷത്തെ ബാലൻസ് ഷീറ്റിലെ ബി-1ഷെഡ്യൂളിൽ (310900101) Excess Of Income Over Expenditure ആയി ₹58,87,706 എന്ന് നിർണയിച്ചത് ശരിയാണ്.

1-1-2 MGNREGS ഭരണച്ചെലവുകൾ- I-14 F ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി (MGNREGS)യുടെ ഭരണച്ചെലവുകൾക്കായി ചെലവഴിച്ച തുക ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിലെ I-14 F ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-3 ICDS കേന്ദ്രാവിഷ്കൃതഫണ്ട്- ബാധ്യത അധികമായി കുറവ് ചെയ്തു

സൂലേഖചെലവുപത്രിക പ്രകാരം ICDS കേന്ദ്രാവിഷ്കൃതഫണ്ട് ചെലവു തുക ₹13,44,128 യാണ്. എന്നാൽ വാർഷികധനകാര്യപത്രിക പ്രകാരം ബാധ്യതയിൽനിന്നും ₹16,34,932യാണ് കുറവ് ചെയ്തിട്ടുള്ളത്. ₹2,90,804 യുടെ ബാധ്യത അധികമായി കുറവ് ചെയ്തതിന്റെ കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല.

1-1-4 സ്വച്ഛ് ഭാരത് അഭിയാൻ- ചെലവഴിച്ച തുക ബാധ്യതയായി ഉൾപ്പെടുത്തി

2024-25 വർഷത്തിൽ സ്വച്ഛ് ഭാരത് അഭിയാൻ ഗ്രാന്റ് ആയി ₹1,80,000 വരവുണ്ട് (RP30). വി ഇ ഒ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 'പ്രോജക്ട് നമ്പർ 220/25 ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്ലെറ്റ്' എന്ന പ്രോജക്ട് പ്രകാരം സ്വച്ഛ് ഭാരത് അഭിയാൻ ഗ്രാന്റ് ആയി ലഭിച്ച ₹1,80,000 യും ചെലവഴിച്ചതായി സൂലേഖ ചെലവുപത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെലവഴിച്ച തുക 2024-25 വർഷത്തെ ധനകാര്യപത്രികയിൽ ബാധ്യതയിൽ നിന്നും കുറവ് ചെയ്തതായി കാണുന്നില്ല. B-4 ഷെഡ്യൂളിൽ ₹1,80,000 ബാധ്യതയായി ഉൾപ്പെടുത്തിക്കാണുന്നു .

1-1-5 ലോൺ- തിരിച്ചടച്ച തുക ബാധ്യതയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി

2023-24 വർഷത്തെ ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ ലോൺ ഇനത്തിൽ (330500102- Secured Loan From Co-Operative Bank) ₹6,10,000 ബാധ്യതയുണ്ട്. 2024-25 വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 'പ്രോജക്ട് നമ്പർ 92/25 ഭവനപദ്ധതി വായ്പ തിരിച്ചടവ്' പ്രകാരം ₹6,10,000 വായ്പ ഇനത്തിൽ മാടായി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്കിൽ തിരിച്ചടവാക്കിയിട്ടുണ്ട്. എന്നാൽ 2024-25വർഷത്തെ ബി5 ഷെഡ്യൂളിലെ 330500102-Secured Loan From Co-Operative Bank ഹെഡിൽ ഇതേ തുക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുമുണ്ട്.

1-1-6 ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ യഥാർത്ഥമൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

1-1-7 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

1) Distress Relief Fund ബി2 ഷെഡ്യൂൾ പ്രകാരം ₹29,597യും ബി 17 ഷെഡ്യൂൾ പ്രകാരം ₹29,797യുമാണ്.

(2) വിവിധ ഗ്രാന്റുകളുടെ ബി 4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യതാനീക്കിയിരിപ്പ് തുകയും ബി 17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും തമ്മിൽ വ്യത്യാസപ്പെട്ടിട്ടുണ്ട്

ഗ്രാന്റ്	ബി 4 ഷെഡ്യൂൾ പ്രകാരം	ബി 17 ഷെഡ്യൂൾ പ്രകാരം	ബാങ്ക് അക്കൗണ്ട് നമ്പർ

ശുചിത്വ മിഷൻ ഗ്രാന്റ്(₹)	9,76,589	7,18,379	40421100005939 – കേരള ഗ്രാമീൺ ബാങ്ക്
ബഡ്സ് സ്കൂൾ ഗ്രാന്റ്(₹)	6,06,428	7,08,954	40421100006699 – കേരള ഗ്രാമീൺ ബാങ്ക്
വികസന ഗ്രാന്റ് (CFC) (₹)	1,10,80,172	1,11,38,465	40421101056370– കേരള ഗ്രാമീൺ ബാങ്ക്

1-1-8 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ Net Increase/Decrease In Cash And Cash Equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹11850610 ആണ്. എന്നാൽ ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financial Activity ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3243443 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ ഇവ പൊരുത്തപ്പെടുന്നില്ല.

1-1-9 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

(1) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തിയിട്ടില്ല.
(2) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന B1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

(3) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ്, റൂൾ 62 എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-10 പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി- 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി- 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-11 ആസ്തി മൂല്യം, ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ആസ്തി മൂല്യം, ഡിപ്രീസിയേഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1-1-12 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി

പ്രൊജക്ട് നമ്പർ 205/25, 238/25 എന്നിവ പ്രകാരം സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി കെ എസ് ഇ ബി ക്ക് ഡെപ്പോസിറ്റായി നൽകിയ യഥാക്രമം ₹30635, ₹518048 എന്നീ തുകകൾ ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ Advance To Implementing Agencies എന്ന ശീർഷകത്തിലുൾപ്പെടുത്തേണ്ടതിനു പകരം വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുമ്പ് ചെലവായി രേഖപ്പെടുത്തി.

1-1-13 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

അക്രുവൽ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. പ്രധാന വരവിനങ്ങൾക്ക് 31.03.2025-ലാണ് അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ഡിമാന്റ്

നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി ഇനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25സാമ്പത്തിക വർഷത്തെ ഡിമാന്റ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടില്ല.

1-1-14 ബാങ്ക് റിക്കൺസിലിയേഷൻ തയ്യാറാക്കിയതിലെ അപാകം

ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടേതായുള്ള കേരള ഗ്രാമീൺ ബാങ്ക് അക്കൌണ്ടിൽ(40421100006269) 31.3.2025 ൽ പാസ് ബുക്ക് പ്രകാരം ₹1,04,013 നീക്കിയിരിപ്പുണ്ട്. ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് ഇല്ല. എന്നാൽ പ്രസ്തുത അക്കൌണ്ടിന്റെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ് ബുക്ക് പ്രകാരം ₹1,04,013 യും ബാങ്ക് ബുക്ക് പ്രകാരം ₹1,33,834 യും നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബി 17 ഷെഡ്യൂൾ പ്രകാരം കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിൽ (40421100006269) നീക്കിയിരിപ്പായി തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

1-1-15 വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-16 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

സർക്കാരിന്റെ 26/07/2011-ലെ ജി.ഒ(എം.എസ്) 152/2011 തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ -2011 ,ചട്ടം 80 ൽ പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ പരാമർശിച്ചതുമായ ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-17 രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വായ്പാരജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-2 ബജറ്റ്

മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 23.02.2024തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 25.03.2025 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്(₹)	66,77,552	11,473,327
പ്രതീക്ഷിത വരവ്(₹)	22,09,59,847	23,52,93,052
ആകെ(₹)	22,76,37,399	24,67,66,379
പ്രതീക്ഷിത ചെലവ്(₹)	22,37,21,192	23,68,99,800
നീക്കിയിരിപ്പ്(₹)	39,16,207	98,66,579

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകളും പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളും യഥാർത്ഥ വരവു ചെലവു കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

മുന്നിരിപ്പ്(₹)	1,79,55,624
ഓഡിറ്റ് വർഷത്തെ ആകെ വരവ്(₹)	5,79,13,456
ആകെ(₹)	7,58,69,080

ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(₹)	4,60,62,846
നീക്കിയിരിപ്പ്(₹)	2,98,06,234
വരവിനങ്ങളിലുള്ള നഷ്ടം(₹)	0
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(₹)	ഇല്ല.
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക(₹)	15,10,502

റിമാർക്സ്: റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു ചെലവുകളിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് വരാതെ നേരിട്ട് നടത്തുന്ന ചെലവുകൾ, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയ ഇനങ്ങളിലെ വരവ് ചെലവുകൾ ഉൾപ്പെടുന്നില്ല. അതുകൊണ്ടു തന്നെ മേൽ പട്ടിക പ്രകാരമുള്ള വരവു ചെലവു കണക്കുകൾ പൂർണ്ണമല്ല.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്(₹)	വരവ്(₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരിപ്പ്/ലാപ്സായ തുക(₹)
വികസന ഫണ്ട് ജനറൽ	0	3,02,25,000	3,02,25,000	2,83,49,189	18,75,811
വികസന ഫണ്ട് (എസ് സി പി)	0	22,28,000	22,28,000	22,28,000	0
മെയിന്റനൻസ് ഫണ്ട് റോഡ്	0	73,27,224	73,27,224	73,27,224	0
മെയിന്റനൻസ് ഫണ്ട് നോൺ റോഡ്	0	44,06,000	44,06,000	38,36,961	5,69,039
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക്	1,32,140	53,44,372	54,76,512	41,62,214	13,14,298
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ്	43,95,451	1,13,99,500	1,57,94,951	60,29,077	97,65,874
നാഷണൽ ഹെൽത്ത് മിഷൻ	1,40,331	0	1,40,331	0	1,40,331
സ്വച്ഛഭാരത് അഭിയാൻ	0	1,80,000	1,80,000	1,80,000	0
വിമുക്തി	2,050	0	2,050	0	2,050
ഐ.സി.ഡി.എസ്-കേന്ദ്രവിഹിതം	5,95,874	26,52,504	32,48,378	13,44,128*	19,04,250*
സാക്ഷരത	44,586	1,272	45,858	0	45,858
ശുചിത്വമിഷൻ ഗ്രാന്റ്	9,56,669	19,920	9,76,589	0	9,76,589
ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു പി എച്ച് സി	5,68,503	4,13,888	9,82,391	5,51,828	4,30,563
ഹെൽത്ത് ഗ്രാന്റ്-ഹെൽത്ത് & വെൽന സ് സെന്റേർസ്	4,06,034	6,47,919	10,53,953	3,96,424	6,57,529
ബഡ്സ് സ്കൂൾ ഗ്രാന്റ്	6,46,967	6,66,669	13,13,636	7,07,208	6,06,428
ലൈഫ്	1,69,035	12,09,873	13,78,908	10,00,000	3,78,908
അംഗൻവാടി നെയിംബോർഡ്	1,400	0	1,400	0	1,400

(* വാർഷിക ധനകാര്യ പത്രികയുമായുള്ള വ്യത്യാസം 1-1-3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.)

1–5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	പൂർത്തീകരിച്ചത്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
215	12,27,54,987	173	6,97,04,300	36	137	42	63.72

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകരിച്ച പദ്ധതികളുടെ എണ്ണം	നടപ്പിലാക്കിയത്	പദ്ധതി അടങ്കൽ (₹)	പദ്ധതി ചെലവ് (₹)	ചെലവ് ശതമാനം
കൃഷി ഓഫീസർ-	9	9	54,06,210	44,55,860	82.42
വെറ്റിനറി സർജൻ-	5	5	17,46,550	17,09,900	97.9
മെഡിക്കൽ ഓഫീസർ, എഫ്എച്ച്സി-	9	4	33,55,599	18,26,014	54.42
മെഡിക്കൽ ഓഫീസർ, ഹോമിയോ-	2	2	3,00,000	3,00,000	100
മെഡിക്കൽ ഓഫീസർ - ആയുർവ്വേദം-	5	5	12,21,000	11,99,615	98.25
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-	16	12	4,02,07,850	1,11,43,142	27.71
ഐസിഡിഎസ് സൂപ്പർവൈസർ-	19	17	92,53,656	61,79,870	66.78
ഡയറി ഫാം ഇൻസ്ട്രക്ടർ-	2	2	4,81,000	3,55,883	73.99
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്-	3	3	10,22,000	10,06,608	98.49
സെക്രട്ടറി-	54	42	1,84,23,756	1,01,80,746	55.26
അസിസ്റ്റന്റ്എഞ്ചിനീയർ-	71	58	3,76,38,724	2,86,87,525	76.22
ഹെഡ്മാസ്റ്റർ -	9	6	8,24,313	5,07,305	61.54
അസിസ്റ്റന്റ് സെക്രട്ടറി-	11	8	28,74,329	21,51,832	74.86
ആകെ	215	173	12,27,54,987	6,97,04,300	56.78

1–6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ്(₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരിപ്പ് (₹)
ഭരണചെലവുകൾ	2,705	8,44,952	8,47,657	8,47,657	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	1,43,43,950	1,43,43,950	1,43,43,950	0
ആകെ	2,705	1,51,88,902	1,51,91,607	1,51,91,607	

1–7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ആകെ ചെലവ്(₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	10,66,800	60
വിധവാ പെൻഷൻ	1,85,17,200	1178
വാർദ്ധക്യകാല പെൻഷൻ	2,68,00,300	1699
ഭിന്നശേഷി പെൻഷൻ	56,85,500	365
50 വയസ്സിന്മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	4,13,400	28
വിവാഹ ധനസഹായം	30,000	1

1–8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2025 തീയതി11.00am ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഫ്രണ്ട് ഓഫീസ് കൗണ്ടറിൽ ഉണ്ടായിരുന്ന ₹960/ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1–9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതുണ്ട്. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ ചുവടെ ചേർക്കുന്നു.
ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവ ആധികാരികമല്ല. രജിസ്റ്ററുകളിൽ ആവശ്യമായ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
സ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സ് സകർമ്മ സോഫ്റ്റ് വെയർ അപ്ലിക്കേഷൻ മുഖേന ഓൺലൈനായി രേഖപ്പെടുത്തിയിട്ടില്ല. ഭരണസമിതി മിനുട്സ് സമയബന്ധിതമായി അംഗീകരിക്കാത്തതും അപാകമാണ്.

1–10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലും 8/2024, 1/2025 മാസങ്ങളിലായി ഗ്രാമസഭകൾ വിളിച്ചു ചേർത്തിട്ടുണ്ട്. 2025-26 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭ 15.1.2025 ന് ചേർന്നിട്ടുണ്ട്. വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2025-26 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ആക്ഷൻ പ്ലാൻ – ലേബർ ബജറ്റ് തയ്യാറാക്കൽ, മാലിന്യ മുക്തനവകേരളം, ജലജീവൻ മിഷൻ വാർഡ് തല സമിതി രൂപീകരണം, നികുതി പിരിവ് അവലോകനം, 2023-24 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ അംഗീകരിക്കൽ, ഹരിതകർമ്മസേന പ്രവർത്തനം, വാർഡു തല ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് ഗ്രാമസഭകളിലെ പ്രധാന അജണ്ടകൾ. ഗ്രാമസഭാ മിനുട്സ് അതത് ഗ്രാമസഭകളിൽ പങ്കെടുക്കുന്നവരിൽ പതിനഞ്ച് പേർ സാക്ഷ്യപ്പെടുത്തണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

1–11 വസ്തു നികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല

22.03.2023 ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സോഫ്ട്വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം

പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. മേൽ ഉത്തരവ് പ്രകാരം വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (3/10.10.2025) വസ്തുനികുതിപരിഷ്കരണത്തിനുള്ള ഫീൽഡ് സർവ്വേ നടത്തുന്നതിനായി നാലുപേരെ നിയമിച്ചെങ്കിലും വേതനം കുറവായതിനാൽ സർവ്വേ നടത്താൻ സാധിച്ചിട്ടില്ല എന്നും ജി ഐ എസ് മാപ്പിംഗ് വഴി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഏജൻസികളെ ഏർപ്പെടുത്തുന്നതിനായി ഭരണസമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന പൂർത്തീകരിക്കുന്നതിനും വസ്തു നികുതി പരിഷ്കരിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-12 അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് വകുപ്പ് സെക്ഷൻ 207 പ്രകാരം, കേന്ദ്ര-സംസ്ഥാന സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളേയും പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകളേയും വസ്തുനികുതി, ഉപനികുതി നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം (2023-ലെ 18-ാം ആക്ട്) 01-04-2023 പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബിഎ ഖണ്ഡം റദ്ദാക്കുകയുണ്ടായി. ഇതു പ്രകാരം 01-04-2023 മുതൽ, സർക്കാരിന്റെ അംഗീകാരം ഉള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും അനുവദിച്ചിരുന്ന വസ്തു നികുതി ഇളവ് ഒഴിവാക്കിയിട്ടുണ്ട്. മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വരെ 207 ബിഎ വകുപ്പ് പ്രകാരം വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ (2023-24 വർഷം മുതൽ) ഈടാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.6/10.10.25) മറുപടിയായി ചുവടെ ചേർത്ത അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ നികുതി റിവോക്ക് ചെയ്തു നൽകിയില്ലെന്നും കെ സ്മാർട്ട് സോഫ്റ്റ് വെയറിൽ നികുതി പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും 2023-24 വർഷത്തെ കുടിശ്ശിക ഉൾപ്പടെ ഈ വർഷം തന്നെ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം	സ്ഥാപനം	കെട്ടിട നം
1	നജാത്തുൾ ഇസ്ലാം സുന്നി മദ്രസ	2/103 A
2	മാൻശ്യ തസ്ക്കിയത്തുൽ സുന്നിയത്തുൽ ഇസ്ലാമിയ	15/477
3	മാൻശ്യ തസ്ക്കിയത്തുൽ സുന്നിയത്തുൽ ഇസ്ലാമിയ	15/478
4	മാൻശ്യ തസ്ക്കിയത്തുൽ സുന്നിയത്തുൽ ഇസ്ലാമിയ	15/481 A
5	മാൻശ്യ തസ്ക്കിയത്തുൽ സുന്നിയത്തുൽ ഇസ്ലാമിയ	15/481 B
6	മാൻശ്യ തസ്ക്കിയത്തുൽ സുന്നിയത്തുൽ ഇസ്ലാമിയ	15/481 C
7	മാൻശ്യ തസ്ക്കിയത്തുൽ സുന്നിയത്തുൽ ഇസ്ലാമിയ	15/482

മേൽ പരാമർശിച്ച വിദ്യാലയങ്ങളുടെ നികുതി അടവാക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-13 വിനോദ നികുതി ഈടാക്കിയില്ല

സർക്കാരിന്റെ 31.01.2024 തീയതിയിലെ സ.ഉ.(കൈ) നം.17/2024/LSGD പ്രകാരം ടിക്കറ്റെടുത്ത് പ്രവേശനം അനുവദിക്കുന്നതും വിനോദനികുതി ഒടുക്കുവാൻ ബാധ്യതയുള്ളതുമായ സ്ഥാപനങ്ങളിൽ നിന്ന് വിനോദനികുതി ഈടാക്കുവാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. വിനോദനികുതിയിനത്തിൽ ഈടാക്കേണ്ട നിരക്ക് സംബന്ധിച്ചും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ

അധീനതയിലുള്ള പെറ്റ്സ്റ്റേഷൻ അനിമൽ പാർക്ക്, ടാംസ് ഫൺ സിറ്റി എന്റർടൈൻമെന്റ് പാർക്ക് എന്നീ സ്ഥാപനങ്ങളിൽ ടിക്കറ്റെടുത്താണ് പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കുന്നത്. എന്നാൽ നിരവധി വിനോദസഞ്ചാരികൾ എത്തുന്ന കണ്ണൂർ ജില്ലയിലെ തന്നെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ ടി സ്ഥാപനങ്ങളിൽ നിന്ന് വിനോദനികുതി ഈടാക്കിയിട്ടില്ല.മേൽ സ്ഥാപനങ്ങൾ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതും സ്ഥാപനം പ്രവർത്തിക്കുന്ന താൽകാലിക കെട്ടിടങ്ങൾ നിയമാനുസൃതം നിർമ്മിച്ചവയാണോ എന്ന് അറിയിക്കേണ്ടതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (9/13.10.2025) വിനോദ നികുതി ഈടാക്കുന്നതിന് 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് സ്ഥാപന ഉടമയെ അറിയിച്ചിട്ടുണ്ടെന്നും 30.08.2025ലെ ഭരണ സമിതി തീരുമാനം 8/2025 പ്രകാരം 2024-25 സാമ്പത്തിക വർഷത്തിലെ പി പി ആർ ലൈസൻസ് പുതുക്കി വിനോദനികുതി ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണെന്നും മേൽ സ്ഥാപനങ്ങൾക്ക് സ്ഥിരമായ കെട്ടിട നമ്പർ ഇല്ലാത്തതിനാൽ എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ചിട്ടില്ല എന്നും സ്ഥാപനം സ്ഥിതി ചെയ്യുന്നത് താൽകാലിക കെട്ടിട നമ്പറുകളിലാണെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-14 മറ്റ് പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗങ്ങൾ തെറ്റായി നൽകി-നികുതി ഈടാക്കിയതിൽ കുറവ്

സ.ഉ(കൈ)നം.77/2023/തസ്വഭവ തീയതി 22.03.23 പ്രകാരം വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിൽ 2023-24 വർഷം മുതൽ പുതുതായി വസ്തു നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണയത്തിന് ബാധകമാകേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി സർക്കാർ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സ.ഉ(അച്ചടി)നം.25/2023/തസ്വഭവ തീ.05.04.23, എസ്.ആർ.ഒ നമ്പർ 479/2023 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ മറ്റ് പ്രത്യേക പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗങ്ങൾക്കുള്ള കുറഞ്ഞതും കൂടിയതുമായ നികുതി നിരക്കുകൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം	ഏറ്റവും കുറഞ്ഞ നിരക്ക് (₹)	ഏറ്റവും കൂടിയ നിരക്ക് (₹)
1	ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ :300 ച.മീ വരെയുള്ളവ	40	70
2	ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ:300 ച.മീ മുകളിലുള്ളവ	55	75

മേൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മാട്ടൂൽ ഗ്രാമപഞ്ചായത്ത് 26.08.2023 തീയതിയിലെ 4ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം പുറപ്പെടുവിച്ച SC 2/3946/2023/27.09.2023 നമ്പർ അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1,2 എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം ₹60, ₹65 എന്നിങ്ങനെയാണ്. ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ പുതിയ കെട്ടിട രജിസ്റ്ററും (സഞ്ചയയിൽ നിന്നുള്ളത്) സഞ്ചയ സോഫ്റ്റ് വെയറിലെ ഫാറം 6 ഉൾപ്പെടെയുള്ള അസസ്മെന്റ് വിവരങ്ങളും തമ്മിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ ഉപവിഭാഗ ക്രമങ്ങൾ സഞ്ചയ പോർട്ടലിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുള്ളതായി കാണുന്നു.

കെട്ടിട ഉടമസ്ഥന്റെ പേര്	കെട്ടിട നമ്പർ	കെട്ടിട വിസ്തീർണം ച.മീ	സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം	സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം	ഈടാക്കേണ്ട വസ്തു നികുതി (₹)	സഞ്ചയ പ്രകാരം ഈടാക്കിയ വസ്തു നികുതി (₹)
താജുദ്ദീൻ പള്ളിവളപ്പിൽ	XV/-446/A3 XV/-446/A4 XV/-446/A5 XV/-446/A6	80.20 80.20 80.20 320.8 ആകെ – 320.8	ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച.മീ വരെയുള്ളവ	ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ:300 ച.മീ മുകളിലുള്ളവ	₹65	₹60

കെട്ടിടത്തിന്റെ ഉപവിഭാഗം സഞ്ചയയിൽ വ്യത്യസ്തമായി നൽകിയതിന് കാരണം വ്യക്തമാക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/10.10.2025) പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണയിച്ച് കുറവ് വന്ന നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1–15 എഫ് ടി ഇ & ഒ എസ് ലൈസൻസ് – സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കി – പഞ്ചായത്തിന് വരുമാനനഷ്ടം

എഫ് ടി ഇ & ഒ എസ് ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 17 വാർഡുകളിലായി ആകെ 433 വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾക്കാണ് ലൈസൻസ് ഫീ ഡിമാന്റ് ചെയ്തിട്ടുള്ളത് . എന്നാൽ ഗ്രാമപഞ്ചായത്തിലെ കണ്ണൂർ വിവര സഞ്ചയിക- സമഗ്ര സാമൂഹ്യ സാമ്പത്തിക സർവ്വേ റിപ്പോർട്ട് 2024 പ്രകാരം പഞ്ചായത്ത് പരിധിയിൽ 671 വാണിജ്യ സ്ഥാപനങ്ങളും 40 വ്യവസായസ്ഥാപനങ്ങളും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 278 സ്ഥാപനങ്ങളെ (711- 433) ഡിമാന്റിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല. കൂടാതെ പഞ്ചായത്തിന് കീഴിൽ വരുന്ന 40 വ്യവസായ സ്ഥാപനങ്ങളിൽ 9 സ്ഥാപനങ്ങളും 671 വാണിജ്യ സ്ഥാപനങ്ങളിൽ 254 സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നവയാണെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/15.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ വരുന്ന മുഴുവൻ വാണിജ്യ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1–16 സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി–രേഖകളുടെ അഭാവത്തിൽ ₹48300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.5.2022 ലെ ഖണ്ഡിക 7.4.5-ൽ സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് തുടങ്ങിയവ അടവാക്കുന്നതിന് എല്ലാ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി മാട്ടൂൽ ഗ്രാമ പഞ്ചായത്തിലെ പ്ലസ് വൺ, പ്ലസ് ടു തുല്യതാ പഠിതാക്കൾക്ക് 2024-25 വർഷത്തെ കോഴ്സ് ഫീസ് അനുവദിക്കുന്നതിനാണ് ഈ പ്രോജക്ട് രൂപീകരിച്ചത്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പ്രോജക്ട് നമ്പർ/പേര്	82/25, സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി
അടങ്കൽ	₹37,688 (വികസന ഫണ്ട് പൊതുവിഭാഗം) ₹48,300 (തനത് ഫണ്ട്) ആകെ :₹85,988

ചെലവ്	₹20,700 ബിൽ നമ്പർ:354/17.03.2025 ₹27,600 ബിൽ നമ്പർ:129/27.09.2024 ₹20,700 ബിൽ നമ്പർ:259/07.02.2025 ആകെ : ₹69,000

2024-25 സാമ്പത്തിക വർഷം ഹയർ സെക്കണ്ടറി തുല്യത കോഴ്സിലെ 9 പഠിതാക്കൾക്ക് ഒരു പഠിതാവിന് ₹2,300 പ്രകാരം ₹20,700 കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷക്ക് ഹാജരായതിന്റെ വിശദാംശങ്ങൾ, പ്രോജക്ടിന്റെ ഭാഗമായി ₹48,300 തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/14.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹48300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 പത്താമുദയം-പഠിതാക്കളുടെ കോഴ്സ് ഫീസ് അടവാക്കിയതിന്റെ കൈപ്പറ്റ് വിവരം ലഭ്യമാക്കേണ്ടതാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022 -യിലെ ഖണ്ഡിക 7.4.5-യിൽ സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് തുടങ്ങിയവ അടവാക്കുന്നതിന് എല്ലാ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മാട്ടൂൽ ഗ്രാമ പഞ്ചായത്തിലെ 18നും 50നും ഇടയിൽ പ്രായമുള്ള മുഴുവൻ ആളുകൾക്കും സെക്കണ്ടറി വിദ്യാഭ്യാസത്തിന് വേണ്ടി കോഴ്സ് ഫീസും രജിസ്ട്രേഷൻ ഫീസും നൽകുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

നിർവ്വഹണഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പ്രോജക്ട് നമ്പർ/പേര്	81/25, പത്താമുദയം-സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസം
അടങ്കൽ	₹42,900 (തനത് ഫണ്ട്)
ചെലവ്	₹42,900 ബിൽ നമ്പർ:258/07.02.2025

പത്താംതരം തുല്യതാ കോഴ്സിന് ഒരു പഠിതാവിന് ₹1,950 നിരക്കിൽ 22 പഠിതാക്കൾക്ക് കോഴ്സ് ഫീസ് & രജിസ്ട്രേഷൻ ഫീസിനത്തിൽ ₹42,900 കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ തുക കൈപ്പറ്റിയതിന്റെ രേഖകൾ,പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷക്ക് ഹാജരായതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 22/14.10.2025) മറുപടിയിൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ തുക കൈപ്പറ്റിയതിന്റെ രസീത് ലഭ്യമാക്കിയിട്ടുണ്ട്. കോഴ്സ് നാളിതുവരെ പൂർത്തിയായിട്ടില്ലെന്നും പരീക്ഷ 08.11.2025 മുതൽ 18.11.2025 വരെയുള്ള തീയതിയിൽ നടക്കാൻ പോകുന്നതേയുള്ളുവെന്നും അറിയിച്ചിട്ടുണ്ട്.

1-18 സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി-രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹8,600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022-ലെ ഖണ്ഡിക 7.4.5-ൽ സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് തുടങ്ങിയവ അടവാക്കുന്നതിന് എല്ലാ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പ്രോജക്ട് നമ്പർ/പേര്	163/25, സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി(സ്പിൽ ഓവർ)
അടങ്കൽ	₹8,600 (വികസന ഫണ്ട് പൊതുവിഭാഗം)
ചെലവ്	₹8,600 ബിൽ നമ്പർ:29/09.05.2024

2024-25 സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തിയ മേൽ പ്രോജക്ടിന്റെ ഭാഗമായി ₹8,600 കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. ഏതൊക്കെ പഠിതാവിന്റെ കോഴ്സ് ഫീസിനത്തിലാണ് ചെലവ് നടത്തിയതെന്നും,സാക്ഷരതാ മിഷൻ തുക കൈപ്പറ്റിയതിന്റെ രസീത് എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 18/14.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹8,600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–19 ഗവ. ആയുർവേദ ഡിസ്പെൻസറിക്ക് ഇൻവെർട്ടർ വാങ്ങി സ്ഥാപിക്കൽ – രേഖകൾ ലഭ്യമാക്കിയില്ല. ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഓഫീസ് പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടത്തുക, രോഗികൾക്കും ജീവനക്കാർക്കും ബുദ്ധിമുട്ടില്ലാതെയാക്കുക എന്നതാണ് ഈ പ്രൊജക്ടിന്റെ ലക്ഷ്യം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ,ഗവ. ആയുർവേദ ആശുപത്രി മാട്ടൂൽ
പ്രോജക്ട് നമ്പർ/ പേര്	100/25 ,ഗവ. ആയുർവേദ ആശുപത്രിക്ക് ഇൻവർട്ടർ വാങ്ങി സ്ഥാപിക്കൽ
അടങ്കൽ	₹ 1,00,000 മെയിന്റനൻസ് ഫണ്ട്(നോൺറോഡ്)
ചെലവ് തുക/ബിൽ നമ്പർ/തീയതി	₹ 90,000 , 275/22.02.2025 ₹ 10,000, 340/12.03.2025

മേൽ പ്രൊജക്ട് പ്രകാരം മാട്ടൂൽ ഗവ. ആയുർവേദ ആശുപത്രിയിൽ ഇൻവെർട്ടർ വാങ്ങുന്നതിനായി പൊതുമരാമത്ത് വകുപ്പ്,ഇലക്ട്രിക്കൽ ഉപവിഭാഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹1,00,000 പ്രസ്തുത സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇൻവെർട്ടർ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇൻവെർട്ടർ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (19/14.10.2025) മേൽ വിഷയം സംബന്ധിച്ച് പി ഡബ്ല്യു ഡി ഓഫിസിലേക്ക് രണ്ട് തവണ കത്ത് നൽകുകയും നേരിട്ട് അന്വേഷിച്ചിട്ടുണ്ടെന്നും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും വർക്ക് ഉടനെ തുടങ്ങുമെന്നും അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് പൂർത്തികരിക്കുന്ന മുറയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–20 സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം–രേഖകളുടെ അഭാവത്തിൽ ₹37,205 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മാട്ടൂൽ ഗ്രാമ പഞ്ചായത്തിലെ സർക്കാർ, എയിഡഡ് സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പ്രോജക്ട് നമ്പർ/പേര്	162/25, സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം(സ്പിൽ ഓവർ)
അടങ്കൽ	₹37,225 (വികസന ഫണ്ട്- പൊതുവിഭാഗം)
ചെലവ്	₹37,205 ബിൽ നമ്പർ:28/09.05.2024

പദ്ധതിയുടെ ഭാഗമായി ടെണ്ടർ ക്ഷണിച്ചതിൽ 3 ടെണ്ടർ ലഭ്യമാവുകയും കുറവ് തുക ക്വോട്ട് ചെയ്ത റസാഖ് എം.പി (സ്പോർടെക്സ്, പിലാത്തറ) എന്നവരുടെ ടെണ്ടർ ഭരണസമിതിയുടെ 08.01.2024 ലെ 4/24(1) നമ്പർ തീരുമാനം പ്രകാരം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1) ഫയലിൽ 21 കിറ്റ് എന്നാണ് രേഖപ്പെടുത്തിയത്. എന്നാൽ സ്ഥാപനങ്ങൾ കിറ്റ് കൈപ്പറ്റിയതിന്റെ വിവരം പരിശോധിച്ചതിൽ 20 കിറ്റാണ് വിതരണം ചെയ്തതിട്ടുള്ളത്.

2) ടാക്സ് ഇൻവോയ്സ് പ്രകാരം വിവിധ കായിക ഉപകരണങ്ങളാണ് വാങ്ങിയിരിക്കുന്നത്. ഒരു കിറ്റിൽ ഏതൊക്കെ കായിക ഉപകരണങ്ങൾ ഉൾപ്പെടുന്നുവെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

3) സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) ടാക്സ് ഇൻവോയ്സ് നമ്പർ 38286 തീയതി 23.02.2024 പ്രകാരം ₹92,775 യുടെ കായിക ഉപകരണങ്ങളാണ് വാങ്ങിയിരിക്കുന്നത്. സ്പിൽ ഓവർ പ്രോജക്ട് ആയതിനാൽ 2024-25 വർഷം നടത്തിയ ₹37,205 യുടെ ചെലവ് ബിൽ മാത്രമാണ് പരിശോധിക്കാൻ സാധിച്ചത്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/15.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹37,205 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–21 ഗവ. ആയുർവേദ ആശുപത്രിയിൽ സോളാർ വാട്ടർ ഹീറ്റർ വാങ്ങി സ്ഥാപിക്കൽ– രേഖകൾ ലഭ്യമാക്കിയില്ല – ₹1,06,700 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മാട്ടൽ ഗവ. ആയുർവേദ ആശുപത്രിയിലെ ഐ പി വിഭാഗം രോഗികൾക്ക് നിത്യോപയോഗത്തിനും ചികിത്സയ്ക്കും ആവശ്യമായ ചൂട് വെള്ളം ലഭ്യമാക്കുവാൻ വേണ്ടിയുള്ളതാണ് ടി പ്രൊജക്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ,ഗവ. ആയുർവേദ ആശുപത്രി മാട്ടൽ
പ്രോജക്ട് നമ്പർ/ പേര്	254/25, ഗവ. ആയുർവേദ ആശുപത്രിയിൽ സോളാർ വാട്ടർ ഹീറ്റർ വാങ്ങി സ്ഥാപിക്കൽ
അടങ്കൽ	₹ 1,06,700 മെയിന്റനൻസ് ഫണ്ട് (നോൺറോഡ്)
ചെലവ്, ബിൽനമ്പർ	₹ 100,000, 277 /24 02.2025 ₹ 6700, 339 /12.03.2025 ആകെ:₹1,06,700

മാട്ടൽ ഗവ. ആശുപത്രിയിൽ 200LPD സോളാർ വാട്ടർ ഹീറ്റർ(2എണ്ണം-ETC Model) സ്ഥാപിക്കുന്നതിനും ആയതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെയും ഭാഗമായി ജില്ലാ എഞ്ചിനീയർ ,അനർട്ട് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് പ്രകാരം ₹1,06,700 അനെർട്ട് -ന്റെ അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട് (Account No. 67143384214) . സോളാർ വാട്ടർ ഹീറ്റർ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സോളാർ വാട്ടർ ഹീറ്റർ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (20/14.10.2025) നാളിതുവരെയായി വർക്ക് ആരംഭിച്ചിട്ടില്ല എന്നും ആയത് സംബന്ധിച്ച് അനർട്ടിന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പൂർത്തികരിച്ചുവെന്നും വർക്ക് ഉടനെ തുടങ്ങുമെന്നും അറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ₹1,06,700 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–22 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ– മരുന്നുകൾ ലഭ്യമായില്ല – ₹30,373 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ
പ്രൊജക്ടിന്റെ നമ്പർ, പേര്	115/25 ഹോമിയോ മരുന്ന് വാങ്ങൽ
അടങ്കൽ	₹2,00,000 (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്)
ചെലവ്, ബിൽ നമ്പർ/തീയതി	₹2,00,000/136/15.10.2024

മേൽ പ്രൊജക്ട് പ്രകാരം ഹോമിയോ ആശുപത്രിയിൽ മരുന്ന വാങ്ങുന്നതിനായി ₹2,00,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (HOMCO) മാനേജിങ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം-34306403911) മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ₹1,69,627 യുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ (ടാക്സ് ഇൻവോയിസ് നമ്പർ- LF 1022/04-08-2025, ,₹1,69,627). ബാക്കി തുകയുടെ (₹30,373) മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്(21/14.10.2025) ₹30,373 മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും HOMCO ക്ക് റിമൈൻഡർ ലെറ്റർ അയച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ₹30,373 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–23 ലൈഫ് ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തിനു മുമ്പ് ധനസഹായ തുക കൈപ്പറ്റിയ വിവിധ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്ന് കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഭൂരഹിത ഭവന രഹിതർ 20-21

പട്ടിക I

ഗുണഭോക്താവിന്റെ പേര്	ലൈഫ് രജിസ്റ്ററിലെ പേജ് നമ്പർ	ആദ്യ ഗഡുവായി നൽകിയ തുക(₹)/ തീയതി	നാളിതു വരെ കൈപ്പറ്റിയ തുക(₹) / അവസാന ഗഡു കൈപ്പറ്റിയ തീയതി
ക്രമനം.1 .ഷഹർഭാനു.കെ.എസ്	29	40,000 , 08.11.2022	3,00,000/ 21.06.23
2.മത്തായി വിലക്രിയൻ	28	40,000 , 12.01.2022	40,000/12.01.22

ലൈഫ് പട്ടികജാതി വിഭാഗം 22-23

പട്ടിക II

ഗുണഭോക്താവിന്റെ പേര്	ലൈഫ് രജിസ്റ്ററിലെ പേജ് നമ്പർ	ആദ്യ ഗഡുവായി നൽകിയ തുക(₹) / തീയതി	നാളിതു വരെ കൈപ്പറ്റിയ തുക(₹)/ അവസാന ഗഡു കൈപ്പറ്റിയ തീയതി
രേഖേശ്വരി കല്ലേൻ	2	40,000/ 28.03.23	3,00,000/ 05.12.23

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (11/13.10.25) നൽകിയ മറുപടി താഴെ കൊടുക്കുന്നു.

1.ഷഹർഭാനു.കെ.എസ് എന്ന ഗുണഭോക്താവ് ഭവനനിർമാണം പൂർത്തിയാക്കിയിട്ടുണ്ട്.അവസാന ഗഡു തുക അനുവദിക്കാൻ അവശേഷിക്കുന്നുണ്ട്.

2.മത്തായി വിലക്രിയൻ എന്നയാൾക്ക് പലതവണ അറിയിപ്പ് നൽകിയിട്ടും ഭവനനിർമാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ച് കത്ത് നൽകിയിട്ടുണ്ട്.

3.രേഖേശ്വരി കല്ലേൻ എന്ന ഗുണഭോക്താവ് ഭവനനിർമാണം ഉടൻ പൂർത്തീകരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്.

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവനനിർമാണ പൂർത്തീകരണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-24 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്-അധികം തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ സി ഡി എസ് സൂപ്പർവൈസർ
പ്രോജക്ട് നമ്പർ/ പേര്	5/25, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും
അടങ്കൽ	₹10,00,000 -വികസന ഫണ്ട് - പൊതുവിഭാഗം ₹4,99,800-ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹1,66,600- ജില്ല പഞ്ചായത്ത് വിഹിതം ആകെ:₹16,66,400
ചെലവ്	₹965100 -വികസന ഫണ്ട് - പൊതുവിഭാഗം ₹4,99,800-ബ്ലോക്ക് പഞ്ചായത്ത് വിഹിതം

	₹1,66,600- ജില്ല പഞ്ചായത്ത് വിഹിതം ആകെ:₹16,31,500

മേൽ പ്രൊജക്ട് പ്രകാരം ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട് . ആയതിൽ ചുവടെ ചേർത്ത വിദ്യാർത്ഥികൾക്ക് 28.05.2022 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നമ്പർ 115/2022/തസ്വഭവ ഖണ്ഡിക 7.1.6 പ്രകാരം നിശ്ചയിച്ച പരമാവധി തുകയേക്കാൾഅധികം ആനുകൂല്യം അനുവദിച്ചതായി കാണുന്നു.

1. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ

ക്രമ നം	വിദ്യാർത്ഥിയുടെ പേര്/ അക്കൗണ്ട് നമ്പർ	അനുവദിച്ച തുക(₹)	തുക, ബിൽ നമ്പർ/ തീയതി	മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്ന തുക(₹)	അധികം അനുവദിച്ച തുക(₹)
1	സഫ്വാൻ .എ.വി 40421100011577	34000	₹10000, 188/19-12-2024	28500	5500
			₹11000, 400/22-03-2025		
			₹6000,BRN 24190652006001073421 /20-12-2024		
			₹7000, 24190652006001459634 /07-03-2025		
	ആകെ				5500

2. ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ

ക്രമ നം	വിദ്യാർത്ഥിയുടെ പേര്/അക്കൗണ്ട് നമ്പർ	പഠിക്കുന്ന ക്ലാസ്	അനുവദിച്ച തുക(₹)	തുക(₹), ബിൽ നമ്പർ/ തീയതി	മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്ന തുക(₹)	അധികം അനുവദിച്ച തുക(₹)	കുറിപ്പ്
1	ഹഫ് ല.കെ 40421101034721	8	8000	6000BRN 24190652006001073421 /20-12-2024 2000 BRN NO. 24190652006001459634 /07-03-2025	6600	1400	കാഴ്ചക്കുറവ്
	ആകെ					1400	

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.25/15.10.25) ലഭ്യമാക്കിയ മറുപടിയിൽ തുക അധികം കൈപ്പറ്റിയ വിദ്യാർത്ഥികൾ 2025-26 സമ്പത്തിക വർഷത്തിലും സ്കോളർഷിപ്പിന് അർഹരായതിനാൽ അധികം നൽകിയ തുക 2025-26 സാമ്പത്തിക വർഷം അനുവദിക്കുന്ന തുകയിൽ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക 2025-26 സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്ന തുകയിൽ ക്രമീകരിക്കുകയോ ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-25 എ ബി സി പ്രോഗ്രാം-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല - ₹50,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

'എ ബി സി പ്രോഗ്രാം- വിഹിതം കൈമാറൽ' എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പരും പേരും	90/25, എ ബി സി പ്രോഗ്രാം-വിഹിതം കൈമാറൽ
അടങ്കൽ	₹50,000 (വികസനഫണ്ട്-പൊതുവിഭാഗം)
ചെലവ് തുക/ ബിൽ നമ്പർ & തീയതി (എസി ആർ പ്രകാരം)	₹50,000 237/ 24-01-2025

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹50,000 കണ്ണൂർ ജില്ല പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.30/15.10.2025) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് നൽകുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 ഐ.കെ.എം. വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ₹1,10,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2024-25വർഷത്തിൽ ഐ.കെ.എം. പ്രവർത്തനവിഹിതമായി താഴെപ്പറയും പ്രകാരം ₹1,10,000 ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ,പേര്	11/25, ഐ കെ എം വിഹിതം കൈമാറൽ
അടങ്കൽ	₹1,10,000 (വികസനഫണ്ട്-പൊതുവിഭാഗം)
ചെലവ് തുക/ ബിൽ നമ്പർ/ തീയതി (എസിആർപ്രകാരം)	₹ 1,10,000 176/16-12-2024

എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്(നം.31/15.10.2025) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ₹1,10,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 എസ്.എസ്.കെ വിഹിതം അടവാക്കൽ- വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല - ₹2,67,604യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	13/25 എസ്.എസ്.കെ

	വിഹിതം അടവാക്കൽ
അടങ്കൽ	₹ 2,67,604 വികസന ഫണ്ട്
ചെലവ് തുക/ ബിൽ നമ്പർ /തീയതി	₹1,00,000 -177/16.12.2024 ₹ 1,67,604- 240/24.1.2025 ആകെ: ₹2,67,604

എസ്.എസ്.കെ വിഹിതം നൽകൽ എന്ന മേൽ പദ്ധതി പ്രകാരം, ₹2,67,604 എസ്.എസ്.കെ പ്രോജക്ട് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. സ.ഉ(കൈ) നം 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 8.6(4)ൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണം എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.32/15.10.2025) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്ക് നൽകുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹2,67,604 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 തെരുവു വിളക്ക് അറ്റകുറ്റപ്പണി -നിർവഹണത്തിലെ അപാകങ്ങൾ - ₹2,79,720 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ,പേര്	15/25, തെരുവു വിളക്ക് അറ്റകുറ്റപ്പണി
അടങ്കൽ	₹3,00,000 (വികസനഫണ്ട്) ₹50,000 (തനത് ഫണ്ട്)
ചെലവ്	₹2,79,720
ബിൽ നമ്പർ/ തീയതി	193/21.12.2024 (₹1,60,825) 359/17.3.2025 (₹1,18,895)

തെരുവുവിളക്ക് റിപ്പയർ എഎംസി മുഖാന്തരം നടപ്പാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പ്രോജക്ടാണിത് . പ്രവൃത്തിക്കായി ടെണ്ടർ പരസ്യപ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത രാജൻ ടി വി , ശാന്തി ഇലക്ട്രിക്കൽസ്, പി ഒ മൊട്ടമ്മൽ എന്ന വ്യക്തിക്കാണ് പ്രവൃത്തി കൈമാറിയിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1.ബിൽ നമ്പർ 193/21.12.2024 പ്രകാരം 286 LED ലൈറ്റുകൾ, 181 ഓട്ടോമാറ്റിക് ലൈറ്റുകൾ എന്നിവ റിപ്പയർ ചെയ്തതിന് ₹1,60,825 കൈമാറിയിട്ടുണ്ട്. ബിൽ നമ്പർ 359/17.3.2025 പ്രകാരം 80 LED ലൈറ്റുകൾ, 20 ഓട്ടോമാറ്റിക് ലൈറ്റുകൾ എന്നിവ റിപ്പയർ ചെയ്തതിന്റെ ₹96,485 യും പിന്നീട് ചെയ്തതെന്ന് രേഖപ്പെടുത്തി 20 LED ലൈറ്റുകൾ, 20 ഓട്ടോമാറ്റിക് ലൈറ്റുകൾ എന്നിവ റിപ്പയർ ചെയ്തതിന്റെ ₹22,400യും ഉൾപ്പെടെ ₹1,18,895 കരാറുകാരന് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ 20 LED ലൈറ്റുകൾ, 20 ഓട്ടോമാറ്റിക് ലൈറ്റുകൾ എന്നിവ റിപ്പയർ ചെയ്തതായി ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഒരു മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിച്ച് ഇതിന്റെ കൃത്യത പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.

2. പഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെ വിവരങ്ങൾ ലഭ്യമാകുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ ജി-2-44274/2015 തീ. 17.08.2015 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതാണെങ്കിലും ആയത് സൂക്ഷിച്ചിട്ടില്ല.

3. വിവിധ വാർഡുകളിൽ സ്ഥിതിചെയ്യുന്ന തെരുവുവിളക്കുകളുടെ എണ്ണവും തരവും കണ്ടെത്തുന്നതിനായി കെ.എസ്.ഇ.ബി യുമായി ചേർന്ന് പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/16.10.2025) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹2,79,720 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 പുതിയ തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ- നിർവഹണത്തിലെ അപാകങ്ങൾ - ₹1,92,000

യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ,പേര്	38/25, പുതിയ തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ
അടങ്കൽ	₹2,00,000 (വികസനഫണ്ട്)
ചെലവ് തുക/ ബിൽ നമ്പർ/തീയതി	₹1,92,000 /413/24.3.2025

ഗ്രാമപഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ തെരുവുവിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിയ പ്രൊജക്ടാണിത്. ടെണ്ടർ നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ രാജൻ ടി വി, ശാന്തി ഇലക്ട്രിക്കൽസ്, പി.ഒ. മൊട്ടമ്മൽ എന്ന വ്യക്തിക്കാണ് പ്രവൃത്തി കൈമാറിയിട്ടുള്ളത്. 18 W LED തെരുവുവിളക്കുകൾ 160 എണ്ണം വാങ്ങി സ്ഥാപിക്കുന്നതിന് ₹1,92,000 യാണ് കൈമാറിയത്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു

1. വാങ്ങിയ തെരുവുവിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.ഏതൊക്കെ വാർഡുകളിൽ എത്ര വീതം തെരുവുവിളക്കുകളാണ് പുതുതായി സ്ഥാപിച്ചത് എന്ന് തെളിയിക്കുന്ന വാർഡ് മെമ്പർമാരിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3.കരാർ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് 1% ആദായ നികുതി ടി ഡി എസ് ഈടാക്കേണ്ടതാണെങ്കിലും ആദായ നികുതി കുറവു വരുത്തി പ്രസ്തുത വകുപ്പിലേക്ക് ഒടുക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.40/16.10.2025) രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹1,92,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–30 മഴക്കാല പൂർവ്വ ശുചീകരണം– മുൻകൂർ തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ₹1,70,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകൾക്കും ₹10,000 വീതം ആകെ ₹1,70,000 മഴക്കാല പൂർവ്വ ശുചീകരണത്തിനായി വൗച്ചർ നം 22400119/22.5.24 പ്രകാരം വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.43/16.10.2025) ചെലവഴിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹1,70,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–31 മുൻകൂർ തുകകൾ ക്രമീകരിച്ച വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല – ₹1,10,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിവിധ ചെലവുകൾക്ക് മുൻകൂറായി അനുവദിച്ച താഴെ ചേർക്കുന്ന തുകകളുടെ ക്രമീകരിച്ച വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ക്രമനം	ചെക്ക് നം./തീയതി	മുൻകൂർ അനുവദിച്ച തുക(₹)	ചെലവുവിവരം
1	22400222തീ.1.7.2024	60,000	ബഡ്സ് സ്കൂൾ അക്കൗണ്ടിലേക്ക് നൽകിയത്
2	22400673 തീ.28.11.2024	50,000	കേരളോത്സവത്തിന് കൺവീനർക്ക് നൽകിയത്

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.44/16.10.2025) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹1,10,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–32 ആശുപത്രി മാനേജിംഗ് കമ്മിറ്റി– കണക്കുകളുടെ ഓഡിറ്റ്–വരവ് ചെലവ് കണക്കുകൾ ഹാജരാക്കുന്നില്ല

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം3 പ്രകാരം ഒരു ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും,ചട്ടം6 പ്രകാരം പൊതുജനാരോഗ്യകേന്ദ്രങ്ങളിലെ ഭൗതിക സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിനും നിർമാണ പ്രവൃത്തികളും അറ്റകുറ്റപ്പണികളും നടത്തുന്നതിനും ആശുപത്രി വികസന ഫണ്ട് രൂപീകരിക്കേണ്ടതുമുണ്ട്. മേൽ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്ന പോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നു കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകൾ നിശ്ചിത മാതൃകാ ഫോറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ മാട്ടൂൽ ഗ്രാമ പഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ, ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ 2024-25 വർഷം വരെയുള്ള വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനായി ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക്(39/16.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെയുള്ള വാർഷിക വരവ് ചെലവ് കണക്കുകൾ നിശ്ചിതമാതൃകയിൽ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1–33 ഹെൽത്ത്ഗ്രാന്റ് അവലോകനം

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021- 22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/ LSGD തീ. 31.8.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/LSGD തി 1.9.22, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീ 9-8-23എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ആരോഗ്യ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുളളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കിം 5, 6 എന്നിവ നഗരസഭാ സ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് ഗ്രാന്റ് – വിനിയോഗ വിവരങ്ങൾ

2021-26 അവാർഡ് കാലയളവിൽ ഗ്രാമപഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം താഴെ ചേർക്കുന്ന

1,ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം തിരിച്ച്)

വർഷം	സകീം -1	സ്കീം – 3	സ്കീം – 4	ആകെ
2022-23	Nil	236447	110000	346,447
2023-24	Nil	956000	398000	13,54,000
2024-25	Nil	399000	634000	1033000

2,ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവിട്ട തുകയുടെ വിവരങ്ങൾ

വർഷം	സകീം -1	സ്കീം – 3	സ്കീം – 4	ആകെ
2022-23	Nil	Nil	189105	189105
2023-24	Nil	109994	451009	561003
2024-25	Nil	550252	398000	948252

3,ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

സ്കീം – 3 ₹4305637
സ്കീം – 4 ₹657529

4.നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

പ്രോജക്ട് വർഷം	പ്രോജക്ട് നമ്പർ/പേര്	ചെലവ്
2022-23	ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ 212/23	189105
2023-24	ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ 152/24	47342
	രോഗ നിർണ്ണയ സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ 153/24	109994
	ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ 213/24	403667
2024-25	രോഗ നിർണ്ണയ സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ 223/25	550252

	ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ 222/25	398000

എ) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികളുടെ വിവരം.

ELECTROLYTE ANALYSER
Professional Sphygmomanometer Storage Facilities
ഇരിപ്പിടങ്ങൾ

ആരോഗ്യഗ്രാന്റ് വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ്

ആതുര സേവനരംഗത്ത് ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സായി പോകുമെന്നതിനാൽ ഇതുവരെ ചെലവഴിക്കാത്ത തുകകൾ ഫലപ്രദമായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. 2025-26 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി ആവിഷ്കരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-34 ഗ്രാമ പഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024 -ഓടു കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണിത്. ജലജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര സംസ്ഥാന വിഹിതം - 50:50

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം -15%

ഗുണഭോക്തൃവിഹിതം -10%

പദ്ധതിയുടെ ആദ്യഘട്ടത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികളിൽ നിന്നും സാധ്യമായ പരമാവധി കണക്ഷനുകൾ നൽകുന്നതിനും രണ്ടാംഘട്ടത്തിൽ നിലവിലുള്ള പദ്ധതിയുടെ വിപുലീകരണത്തിലൂടെ കുടിവെള്ള കണക്ഷൻ നൽകുന്നതിനുമാണ് മുൻഗണന നൽകിയിട്ടുള്ളത്. ജലവിഭവ (ജലവിതരണ സി) വകുപ്പിന്റെ നം37/2020 തീ.8.6.2020 ഉത്തരവ് പ്രകാരം 5 വർഷത്തേക്കുള്ള പദ്ധതിക്ക് സംയുക്തഭരണാനുമതിയും നിർവഹണസംവിധാനം അംഗീകരിച്ചുകൊണ്ടും സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കാൻ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾ

ജലജീവൻ മിഷൻ പദ്ധതി നിർവഹണം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്ഥാപനവിഹിതമായോ ഗുണഭോക്തൃവിഹിതമായോ തുകകളൊന്നും വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. ജലജീവൻ മിഷൻ പദ്ധതി ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഇനത്തിൽ നാളിതുവരെ തുകകളൊന്നും പിരിച്ചെടുത്തിട്ടുമില്ല.

പദ്ധതിയുടെ നിലവിലെ അവസ്ഥ

ജലജീവൻ മിഷൻ പദ്ധതിക്കായി സ്ഥാപനവിഹിതമായോ ഗുണഭോക്തൃവിഹിതമായോ തുകകളൊന്നും വാട്ടർ അതോറിറ്റിക്ക് നൽകാത്തതിനാൽ പദ്ധതികളുടെ പൂർത്തികരണം സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ചുകൊണ്ട് പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിക്കേണ്ടതും പദ്ധതിയുടെ സുഗമമായ പൂർത്തികരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്-പ്രീമിയം ഒടുക്കു സംബന്ധിച്ച വിവരം

എ) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

(01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(₹)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക(₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക(₹)	റിമാർക്സ്
13	75,000	75,000	ഇല്ല	ഇല്ല

ബി)മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല	ബാധകമല്ല	ബാധകമല്ല	ബാധകമല്ല	ബാധകമല്ല	

സി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല	ബാധകമല്ല	ബാധകമല്ല	ബാധകമല്ല	

ഡി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ	മെഡിസെപ് പ്രീമിയം ഇനത്തിൽ	ഒടുക്കാൻ ബാക്കി നിൽക്കുന്ന	റിമാർക്സ്

		ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)	ഒടുക്കിയ തുക	തുക	
0	ബാധകമല്ല	ഇല്ല	ഇല്ല	ഇല്ല	

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സാക്ഷ്യപത്രം നൽകുന്നതിനായി കണക്കുകൾ പരിശോധിച്ച തീയതി	സാക്ഷ്യപത്രത്തിന്റെ നമ്പർ/ തീയതി
2024-25	09.10.2025 & 10.10.2025	കെ.എസ്.എ./കെ.എൻ.ആർ./സി.2/ 1761/2025 തീയതി: 06.12.2025

4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച ₹9,99,067 യുടെയും ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച ₹24,80,082 യുടെയും വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക(₹)	പ്രോജക്ടിന്റെ പേര്, നമ്പർ	ചെലവ്(₹)	നീക്കിയിരിപ്പ് (₹)
കല്ല്യാശേരി ബ്ലോക്ക് പഞ്ചായത്ത്	4,84,267	ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും, 149/25	4,84,267	0
	4,99,800	ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും,5/25	4,99,800	0
	15,000	ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ47/25	15,000	0
ആകെ	**₹9,99,067**		**₹9,99,067**	0
കണ്ണൂർ ജില്ലാ പഞ്ചായത്ത്	1,66,600	ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും,5/25	1,66,600	0
	91,350	നെൽകൃഷിക്ക് ഒരു കരുതൽ 118/25	91,350	0
	15,000	ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ, 47/25	15,000	0
	17,67,132	തോടുകളിൽ ഉപ്പുവെള്ളം കയറുന്നതിന് തടയണ നിർമ്മാണം195/25	17,67,132	0
	4,40,000	ലൈഫ് ഭവന പദ്ധതി എസ്.സി157/25	4,40,000	0
ആകെ	**₹24,80,082**		**₹24,80,082**	0

4-4 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്/ നമ്പർ	ബിൽ നമ്പർ/ തീയതി	മുൻകൂർ നല്കിയ തുക(₹)	ചെലവഴിച്ച തുക(₹)	ചെലവഴിക്കാൻ ബാക്കി

						യുള്ള തുക(₹)
2024-25	കെ എസ് ഇ ബി	വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ, 238/25	426/25.03.25	5,18,048	5,18,048	0
	കെ എസ് ഇ ബി	6,7 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ, 205/25	130/01.10.24	30,635	30,635	0

4-5 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

ഓഡിറ്റ് വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല

4-6 വായ്പ, വായ്പ തിരിച്ചടവ്

തൻവർഷം എടുത്ത വായ്പ, തിരിച്ചടവ് തുക, തിരിച്ചടക്കാൻ ബാക്കിയുള്ള തുക എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വായ്പയുടെ പേര്, ഉദ്ദേശ്യം സർക്കാർ ഉത്തരവ് നമ്പർ, തീയ്യതി, വായ്പ തുക	നാളിതു വരെ എടുത്ത വായ്പ(₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹)	തൻ വർഷം എടുത്ത വായ്പ(₹)	ഓഡിറ്റ് വർഷം തിരിച്ചടച്ച തുക(₹)	ഓഡിറ്റ് വർഷം ഒടുക്കിയ പലിശ(₹)	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹)
ഇ.എം. എസ്. ലോൺ - പ്രത്യേക ഭവന നിർമ്മാണ പദ്ധതി 75894/ ഡി.ബി1/12/ ത.സ്വ.ഭ.വ തീയ്യതി-15-03-2013	53,40,000	5,74,000	7,00,000	2,83,287	0	9,90,713*

*2023-24 സാമ്പത്തിക വർഷം ₹36000 വികസന ഫണ്ട് ഉപയോഗപ്പെടുത്തി തിരിച്ചടച്ചിട്ടുണ്ടെങ്കിലും ആയത് വായ്പ കണക്കിൽ കുറവു ചെയ്യാത്തതിനാൽ 2023-24 സാമ്പത്തിക വർഷത്തെ വാർഷികധനകാര്യപത്രികയുടെ ബി-5 ഷെഡ്യൂളിൽ ₹10,26,713യാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4-7 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപങ്ങൾ ഇല്ല. താഴെ ചേർക്കും പ്രകാരം ₹10,000 യുടെ ഷെയർ സർട്ടിഫിക്കറ്റ് ഉണ്ട്.

വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയർ മൂല്യം	₹10,000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	₹10,000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന ഷെയർ മൂല്യം	₹10,000

ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു.

നിക്ഷേപത്തിന്റെ വിവരം	തുക(₹)
കണ്ണൂർ കോപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി, ഷെയർ സർട്ടിഫിക്കറ്റ് നം. 18 തീയതി 20.06.15 , മെമ്പർ നമ്പർ ഡി 100 (2 ഡി ക്ലാസ് ഷെയറുകൾ)	10,000

4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡികനമ്പർ	വിഷയം
2003-04	3.13.17	2001-02	8	വീട് റിപ്പേർ-അധികം തുക നല്കി
2005-06	2.85.3	2001-02	3-3	കമ്പ്യൂട്ടർ മുറി തയ്യാറാക്കൽ-പാഴ്ച്ചെലവ്
2005-06	2.85.2	2001-02	3-9	ബോട്ട് ജെട്ടി നിർമ്മാണം - പൂർത്തിയാക്കിയിട്ടില്ല
2005-06	2.85.3	2000-01	3-6	ബോട്ട് ജെട്ടി നിർമ്മാണം - പൂർത്തിയാക്കിയിട്ടില്ല
2005-06	2.85.3	.....	.....	കാർഷിക പദ്ധതികൾക്ക് അധിക സബ്സിഡി

4-10 ചാർജ് സർചാർജ് നടപടികളുടെ വിവരങ്ങൾ

ചാർജ്ജ് നടപടിയിലൂടെ ഈടാക്കിയ തുക

ഇല്ല

സർച്ചാർജ്ജ് നടപടിയിലൂടെ ഈടാക്കിയ തുക

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്(₹)	:	5,79,13,456
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(₹)	:	4,60,62,846
വരവിനങ്ങളിലുള്ള നഷ്ടം(₹)	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(₹)	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക(₹)	:	15,10,502

(ബി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക(₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	48,300	ശ്രീ.പ്രകാശൻ.പി.വി,ഹെഡ് മാസ്റ്റർ
1-18	8,600	ശ്രീ.പ്രകാശൻ.പിവി,ഹെഡ് മാസ്റ്റർ
1-19	1,00,000	ഡോ.കൃഷ്ണപ്രിയ.കെ,മെഡിക്കൽ ഓഫീസർ(ആയുർവേദം)
1-20	37,205	ശ്രീ.പ്രകാശൻ.പി.വി,ഹെഡ് മാസ്റ്റർ
1-21	1,06,700	ഡോ.കൃഷ്ണപ്രിയ.കെ,മെഡിക്കൽ ഓഫീസർ(ആയുർവേദം)
1-22	30,373	ഡോ.ഷെർണ.സി.എം,മെഡിക്കൽ ഓഫീസർ(ഹോമിയോ)
1-25	50,000	ശ്രീ.എം.പ്രദീപൻ,സെക്രട്ടറി
1-26	1,10,000	ശ്രീ.ഫാറൂഖ്.എം.കെ, സെക്രട്ടറി ഇൻ ചാർജ്
1-27	2,67,604	₹1,00,000-ശ്രീ.ഫാറൂഖ്.എം.കെ, സെക്രട്ടറി ഇൻ ചാർജ് ₹1,67,604-ശ്രീ.എം.പ്രദീപൻ,സെക്രട്ടറി

1-28	2,79,720	₹1,60,295-ശ്രീ.ഫാറൂഖ്.എം.കെ, സെക്രട്ടറി ഇൻ ചാർജ് ₹1,18,895-ശ്രീ.എം.പ്രദീപൻ,സെക്രട്ടറി
1-29	1,92,000	ശ്രീ.എം.പ്രദീപൻ,സെക്രട്ടറി
1-30	1,70,000	ശ്രീ.അജി.ടി.ആർ,സെക്രട്ടറി
1-31	1,10,000	₹60,000-ശ്രീ.അജി.ടി.ആർ,സെക്രട്ടറി ₹50,000-ശ്രീ.ഫാറൂഖ്.എം.കെ, സെക്രട്ടറി ഇൻ ചാർജ്
ആകെ	15,10,502	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ.ഷെർണ.സി.എം,മെഡിക്കൽ ഓഫീസർ ഹോമിയോ	മെഡിക്കൽ ഓഫീസർ ഹോമിയോ,മാട്ടൂൽ ഗ്രാമ പഞ്ചായത്ത്	സായൂജ്യം, ചിറക്കൽ പി ഒ, കണ്ണൂർ
ശ്രീ.എം.പ്രദീപൻ,സെക്രട്ടറി	സെക്രട്ടറി, മാട്ടൂൽ ഗ്രാമപഞ്ചായത്ത്	തിരുവോണം, അടുത്തില, പഴയങ്ങാടി.പി.ഒ
ശ്രീ.പ്രകാശൻ.പി.വി,ഹെഡ് മാസ്റ്റർ	വിരമിച്ചു	പ്രണവം, പി.ഒ.ഇരിണാവ്, ചെറുകുന്ന്.
ശ്രീ.ഫാറൂഖ്.എം.കെ	സെക്രട്ടറി,അഴീക്കോട് ഗ്രാമ പഞ്ചായത്ത്	ഫൗസിയാ മൻസിൽ. ചൂമടുതാങ്ങി, മണ്ടൂർ
ഡോ.കൃഷ്ണപ്രിയ.കെ,മെഡിക്കൽ ഓഫീസർ(ആയുർവേദം)	മെഡിക്കൽ ഓഫീസർ(ആയുർവേദം), മാട്ടൂൽ ഗ്രാമ പഞ്ചായത്ത്	ജനീനം,പുതിയറ, കോഴിക്കോട്
ശ്രീ അജി ടി.ആർ, സെക്രട്ടറി	സെക്രട്ടറി, റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്	തൊഴുവാളും വിളയിൽ, കുറുവട്ട, അടൂർ പി.ഒ, പത്തനംതിട്ട

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1999-00	കെ.എസ്.എ/കെ.എൻ.ആർ/സി2 /824/2025 തീയതി 26-7-2025	5
2000-01	കെ.എസ്.എ/കെ.എൻ.ആർ/സി2 /824/2025 തീയതി 26-7-2025	1
2001-02	കെ.എസ്.എ/കെ.എൻ.ആർ/സി2	2

	/824/2025 തീയതി 26-7-2025	
2006-07	കെ.എസ്.എ/കെ.എൻ.ആർ/സി2 /824/2025 തീയതി 26-7-2025	2
2007-08	കെ.എസ്.എ /കെ.എൻ.ആർ/സി.2 /824/2025 തീയതി 26-7-2025	3
2009-10	കെ.എസ്.എ /കെ.എൻ.ആർ/സി.2 /824/2025 തീയതി 26-7-2025	1
2010-11,2011-12	കെ.എസ്.എ /കെ.എൻ.ആർ/സി.2 /824/2025 തീയതി 26-7-2025	3
2012-13,13-14	കെ.എസ്.എ/കെ.എൻ.ആർ/സി.2 /824/2025 തീയതി 26-7-2025	1
2015-16	കെ.എസ്.എ/കെ.എൻ.ആർ/സി.2 /824/2025 തീയതി 26-7-2025	3
2016-17	കെ.എസ്.എ/കെ.എൻ.ആർ/സി.2 /824/2025 തീയതി 26-7-2025	2
2017-18	കെ.എസ്.എ/കെ.എൻ.ആർ/സി.2 /824/2025 തീയതി 26-7-2025	1
2018-19	കെ.എസ്.എ/കെ.എൻ.ആർ/സി.2 /824/2025 തീയതി 26-7-2025	9
2019-20	കെ.എസ്.എ/കെ.എൻ.ആർ/സി.2 /824/2025 തീയതി 26-7-2025	4
2020-21	കെ.എസ്.എ/കെ.എൻ.ആർ/സി.2 /824/2025 തീയതി 26-7-2025	3
2021-22	കെ.എസ്.എ/കെ.എൻ.ആർ/സി.2 /824/2025 തീയതി 26-7-2025	22
2022-23	നം. കെ.എസ്.എ./കെ.എൻ.ആർ./സി.2/ 1514/23(1)/25.01.24	34
2023-24	നം. കെ.എസ്.എ./കെ.എൻ.ആർ./ സി.2/1745/2024(1)	68

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

Annexure 1

Audit Certificate

i. I have audited the attached Financial statements approved vide resolution number PR NO. 1/2025 dated 31-07-2025 and submitted on 31-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Mattool Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Mattool Grama Panchayat as on 31-03-2025

Date: 06/12/2025

Deputy Director
District Office Kannur
Kerala State Audit Department

Audit Report appended to the Audit Certificate of Mattool Grama Panchayat for the Year 2024-2025 .

1.Major Observations

NIL

2.Other Observations

1. Discrepancies in calculating the Gross surplus/deficit of Income Over Expenditure in Income and Expenditure statement .

2. MGNREGS Fund- Administrative Expense not recorded in I-14 schedule

3. ICDS fund Central share Fund Liability booked erroneously.

4.Swatch Barat Abyan Fund- Utilized amount remains as liability

5.Repaid Loan amount recorded as liability

6. Asset value of land not disclosed

7. Amount shown as liability in Balance sheet does not match with Bank account opened for the specified grant account(CFC Grant, literacy grant,).

8. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

9. Mandatory financial statements such as Ratios, B1 Schedule prescribed in 2011 kerala panchayat raj accounting rules not submitted for audit.

10. Part bill amount booked in wrong account head

11. Documents related to the calculation of asset value and depreciation not produced for verification

12. Amount deposited booked in wrong account head

13. Lapses in making timely and accurate demand entries in respect of tax and non tax revenue.

14. Bank book balance of account shown in bank reconciliation statement not tally with the actual bank balance as on that day.

15. Closing balance of stock not verified.

16. Asset register maintained is not reliable

17. The following registers not maintained

I) Advance register

ii) Deposit register

iii) Loan register

iv) Investment register

V) Appropriation Control Register

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

വാർഷിക ധനകാര്യ പത്രികകൾ

RECEIPT & PAYMENT STATEMENT

Mattool Grama Panchayat RECEIPT & PAYMENT STATEMENT For the period from 01-April-2024 to 31-March-2025			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	17955624.00
Cash	Cash	RP-40(a)	0.0
	Operating		
110000000	Tax Revenue	RP-1	974320.00
140000000	Fees & User Charges	RP-4	3809892.00
150000000	Sale & Hire Charges	RP-5	21660.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	16128838.00
171000000	Interest Earned	RP-9	364391.00
190000000	Prior Period Income	RP-11	1064.00
311000000	Earmarked Funds	RP-28	20146.00
320000000	Grants, Funds & Contributions for Specific Purposes	RP-30	24596115.00
431000000	Sundry Debtors (Receivables)	RP-45	10387305.00
	Non Operating		
180000000	Other Income	RP-10	66444.00
330000000	Secured Loans	RP-31	700000.00
340000000	Deposits Received	RP-33	48809.00
350000000	Other Liabilities	RP-35	794472.00
	Grand total		**75869080.00**
	PAYMENTS		
	Operating		
220000000	Administrative Expenses	RP-13	73776.00
320000000	Grants, Funds & Contributions for Specific Purposes	RP-30	1367396.00
415000000	Annual plan - Capital Expences(Infrastructure Sector)	RP-42	5063.00
431000000	Sundry Debtors (Receivables)	RP-45	209178.00
460000000	Loans, Advances and Deposits	RP-49	1069833.00
	Non Operating		
340000000	Deposits Received	RP-33	49550.00
350000000	Other Liabilities	RP-35	43288050.00
	Closing Balance		
Bank	Bank	RP-40(b)	29806226.00
Cash	Cash	RP-40(b)	8.00
	Grand Total	**75869080.00**	

INCOME & EXPENDITURE STATEMENT

Mattool Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2024 to 31-March-2025

Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	6234522.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	89320.00
140000000	Fee & User Charges	I-4	3331955.00
150000000	Sale & Hire Charges	I-5	21660.00
151000000	Receipts from Transferred Institutions	I-5(A)	0.0
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	138593849.00
170000000	Income from Investments	I-7	0.0
171000000	Interest Earned	I-8	367061.00
180000000	Other Income	I-9	66444.00
	Total Income		**148704811.00**
	EXPENDITURE		
210000000	Establishment Expenses	I-10	15097119.00
220000000	Administrative Expenses	I-11	1077210.00
230000000	Operations & Maintenance	I-12	1582455.00
240000000	Interest & Finance Charges	I-13	3319.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	7043463.00
251000000	Decentralised Plan Programme-Service Sector	I-14(A)	32289287.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	10816998.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	14343950.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	52483200.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	162120.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0
270000000	Provisions and Write off	I-16	6933.00
271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0
272000000	Depreciation	I-17(A)	23532086.00
190000000	Prior Period Income	I-19	-374367.00
B	**B-Total Expenditure**		**158438140.00**
C=A-B	**Gross Surplus / Deficit of income over Expenditure before Prior Period Items**		**-9733329.00**
290000000	Prior Period		327939.00

	Expenses I-18	
D	Net Difference I19 – I18	-46428.00
E	**Gross Surplus / Deficit of income over Expenditure after Prior Period Items**	-9779757.00
290000000	Transfer to Reserve Funds	
	Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)	

BALANCE SHEET

Mattool Grama Panchayat BALANCE SHEET As on 31-March-2025			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	11119751.00
311000000	Earmarked Funds - Special Funds/ Sinking Fund/Trust or Agency Fund	B-2	29597.00
312000000	Reserves	B-3	48620510.00
	Total Reserve & Surplus		**59769858.00**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	16251760.00
	Total Grants, Contributions for Specific Purposes		**16251760.00**
	Loans		
330000000	Secured Loans	B-5	1026713.00
331000000	Unsecured Loans	B-6	0.0
	Total Loans		**1026713.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	392546.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	6675349.00
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		**7067895.00**
	TOTAL LIABILITIES		**84116226.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	74496.00
412000000	Capital Work in Progress	B-11(b)	0.0
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	4112933.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	20920678.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	104830625.00
416000000	Accumulated Depreciation	B-11(a)	-79378390.00

	Total Fixed Assets		**50560342.00**
	Investments		
420000000	Investments-General Fund	B-12	10000.00
421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		**10000.00**
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	213178.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	1048057.00
450000000	Cash and Bank Balance	B-17	29806234.00
460000000	Loans, Advances and Deposits	B-18	2478415.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.0
	Total Current Assets, Loans and Advances		**33545884.00**
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		**0.0**
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		**0.0**
	TOTAL ASSETS		**84116226.00**

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ